(ഡി) ഇത്തരം പദ്ധതികളുടെ ഫലമായി കുടിവെള്ളം വിൽപ്പന വസ്തുവാകുന്ന സ്ഥിതി കേരളത്തിലുണ്ടാകുമോ ; ജനങ്ങൾക്ക് വായുപോലെ കുടിവെള്ളവും അവകാശമാണെന്ന വസ്തുത ഗവൺമെന്റ് അംഗീകരിക്കുമോ ?

ഉത്തരം

(എ) 1,787.45 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ജപ്പാൻ സഹായത്തോടെയുള്ള കേരള ശുദ്ധജലവിതരണ പദ്ധതിക്ക് 1,519.38 കോടി രൂപ പരമാവധി വായ്പയായി പ്രതീക്ഷിക്കുന്നു. കൺസൾട്ടൻസി നിയമനത്തിൽ ജാപ്പനീസ് അധികൃതർ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) 102.03 കോടി രൂപ (കെ.ഡബ്ല്യൂ.എ. നൽകേണ്ട നികുതികൾ ഒഴിച്ച്)

ഇത് മൊത്തം പദ്ധതി ചെലവിന്റെ 5.71% (നികുതികൾ ഒഴിച്ച്)

(സി) ഇപ്പോഴത്തെ തുക കൂടുതലാണെന്ന് ആരോപിച്ചുകൊണ്ടുള്ള ചില അടിസ്ഥാനരഹിതമായ മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് കമ്പനികളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നതിനെക്കുറിച്ച് അന്വേഷിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

(ഡി) ജലവിഭവ പരിമിതിയും കുടിവെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം നടത്താനുള്ള ഭീമമായ ചെലവും പരിഗണിച്ച് കേരള വാട്ടർ സപ്ലൈ ആന്റ് ബിവറേജ് ആക്ട് നിഷ്കർഷിക്കുന്ന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് നടപ്പിലാക്കിയാൽ മാത്രമേ ഗുണനിലവാരമുള്ള കുടിവെള്ളം ആവശ്യമായ അളവിൽ ജനങ്ങൾക്ക് എത്തിക്കാനും ജലവിതരണപദ്ധതികൾ പരിപാലിച്ചുകൊണ്ടുപോകുവാനും സാധിക്കുകയുള്ളൂ.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള ബേപ്പൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ

144 (1701) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിൽ ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്ന് നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ബേപ്പൂർ ചെറുവത്തൂർ-നല്ലളം, ഒളവണ്ണ, കടലുണ്ടി എന്നീ പഞ്ചായത്തുകൾ, ജെ.ബി.ഐ.സി. വായ്പാ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) 2003-ൽ ആരംഭിച്ച് 2006-2007-ൽ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly